# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്റ്റ് കമ്മിറ്റി I
## (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

**2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5) -ാം ഉപചട്ടപ്രകാരമുള്ളത്]

**2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്**
**(Presented on 24th August 2020)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2020

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി I

# (SUBJECT COMMITTEE I)

# കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

# (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

600/2020.

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന .. | v |
| അവതാരിക .. | vii |
| റിപ്പോർട്ട് .. | 1 |

# സബ്ജക്ട് കമ്മിറ്റി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (2019-2021)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. വി. എസ്. സുനിൽ കുമാർ,
കൃഷി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. കെ. രാജു,
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി,

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,
മത്സ്യബന്ധനവും ഹാർബർ എൻജിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. പാറക്കൽ അബ്ദുല്ല, എം. എൽ. എ.

ശ്രീ. എ. പി. അനിൽ കുമാർ, എം. എൽ. എ.

ശ്രീ. ചിറ്റയം ഗോപകുമാർ, എം. എൽ. എ.

ശ്രീ. കെ. കുഞ്ഞിരാമൻ, എം. എൽ. എ.

ശ്രീ. എം. നൗഷാദ്, എം. എൽ. എ.

ശ്രീ. എസ്. ശർമ്മ, എം. എൽ. എ.

ശ്രീ. കെ. വി. വിജയദാസ്, എം. എൽ. എ.

ശ്രീ. എം. വിൻസെന്റ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. വി. ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

## അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ നാലാമത് റിപ്പോർട്ടിലെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്

സബ്ജക്ട് കമ്മിറ്റി I-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2019 മേയ് 28-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 5-2-2020, 23-7-2020 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

23-7-2020 തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

തിരുവനന്തപുരം,
2020 ജൂലൈ 23.

# റിപ്പോർട്ട്

## അദ്ധ്യായം I

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിൽ മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും.

### ശിപാർശ

2401-00-001-86—ഓഫീസ് ഓട്ടോമേഷനും ഐ.ടി. സാങ്കേതികവിദ്യയും

വിഹിതം: 4,30,00,000 രൂപ (പദ്ധതി)

കൃഷി വകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കി, സ്ഥാപനത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട സേവനവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനും സമയലാഭം കൈവരിക്കുകയും ചെയ്യുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.77 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

### സർക്കാർ സ്വീകരിച്ച നടപടി

കൃഷി വകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കി, സ്ഥാപനത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, മെച്ചപ്പെട്ട സേവനവും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനും സമയലാഭം കൈവരിക്കുകയും ചെയ്യുന്നതിനായി തുക അധികമായി വകയിരുത്തണമെന്നുള്ള സമിതിയുടെ ശിപാർശ പ്രകാരം ഒന്നാം ബാച്ച് എസ്.ഡി.ജി.യിലൂടെ 489.9801 ലക്ഷം രൂപയും, രണ്ടാം ബാച്ച് എസ്.ഡി.ജി.യിലൂടെ 377 ലക്ഷം രൂപയും, മൂന്നാം ബാച്ച് എസ്.ഡി.ജി.യിലൂടെ 377 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല.

### ശിപാർശ

2401-00-102-90—ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം (ജില്ലാപദ്ധതി)

വിഹിതം: 90,85,00,000 രൂപ (പദ്ധതി)

13-ാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ നെൽകൃഷി 3 ലക്ഷം ഹെക്ടറിലേക്ക് വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സുസ്ഥിര നെൽകൃഷി വികസന

പദ്ധതി നടപ്പിലാക്കുന്നതിനും, നെൽകൃഷി വികസനത്തിനായി പാട ശേഖരങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും, വിവിധ പദ്ധതികളുടെ ബ്ലോക്കുതല സംയോജനത്തിനായി പദ്ധതിയധിഷ്ഠിത സഹായം, എന്നിവയ്ക്കായും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 58.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സുസ്ഥിര നെൽകൃഷി വികസന പദ്ധതി നടപ്പിലാക്കുന്നതിനും നെൽകൃഷി വികസനത്തിനായി പാടശേഖരങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും വിവിധ പദ്ധതികളുടെ ബ്ലോക്കുതല സംയോജനത്തിനായി പദ്ധതിയധിഷ്ഠിത സഹായം എന്നിവയ്ക്കായി 58.5 കോടി രൂപ അധികമായി വകയിരുത്തണമെന്നുള്ള സമിതിയുടെ ശിപാർശ പ്രകാരം SDG വഴി അധികമായി തുക ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നുവെങ്കിലും തുക അനുവദിക്കപ്പെട്ടില്ല. എന്നാൽ നെല്ലിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ RKVY-യുടെ പദ്ധതി പ്രകാരം 4,375 ലക്ഷം രൂപ അനുവദിച്ചിരുന്നു.

<u>ശിപാർശ</u>

2401-00-104-91—<u>ഡിപ്പാർട്ട്മെന്റ് കൃഷി സ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കൽ</u>

വിഹിതം : 18,25,00,000 രൂപ (പദ്ധതി)

2019-20 വർഷത്തിൽ 10 ലക്ഷം വിത്തുതേങ്ങ സംഭരിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 കോടി രൂപകൂടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2019-20 വർഷത്തിൽ 10 ലക്ഷം വിത്തുതേങ്ങ സംഭരിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ തുക അധികമായി വകയിരുത്തണമെന്നുള്ള സമിതിയുടെ ശിപാർശ പ്രകാരം ഒന്നാം ബാച്ച് എസ്.ഡി.ജി.യിൽ 3 കോടി രൂപയും,

രണ്ടാം ബാച്ച് എസ്.ഡി.ജി.യിൽ 3 കോടി രൂപയും, മൂന്നാം ബാച്ച് എസ്.ഡി.ജി.യിൽ 3 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-109-80—കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ

വിഹിതം: 45,45,00,000 രൂപ (പദ്ധതി)

കാർഷിക അനുബന്ധ മേഖലകളിലെ കർഷകർക്കും ഉദ്യോഗസ്ഥർക്കും ഇതര സംസ്ഥാനങ്ങളിലെ ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിച്ച് നൂതന കാർഷിക പ്രവർത്തന രീതികളും സാങ്കേതിക വിദ്യകളും സ്വായത്തമാക്കുന്നതിന് അവസരം നൽകുന്ന കർഷക നൈപുണ്യ അവാർഡ് എന്ന ഘടകത്തിന് ബജറ്റിൽ തുക അനുവദിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സർക്കാർ സ്വീകരിച്ച നടപടി

കാർഷിക അനുബന്ധ മേഖലകളിലെ കർഷകർക്കും ഉദ്യോഗസ്ഥർക്കും സംസ്ഥാനത്തുള്ള ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിച്ച്, നൂതന കാർഷിക പ്രവർത്തനരീതികളും സാങ്കേതിക വിദ്യകളും സ്വായത്തമാക്കുന്നതിന് അവസരം നൽകുന്ന കാർഷിക നൈപുണ്യ അവാർഡ് എന്ന ഘടകത്തിന് ബഡ്ജറ്റിൽ തുക അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്ന പ്രകാരം 50 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിന് 1, 2, 3, ബാച്ച് SDG-കളിൽ ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചില്ല. എന്നാൽ 4-6-2019-ലെ ടി. പി. (2) 12933/2019 നമ്പർ, ഓർഡർ പ്രകാരം പൊതുജന പങ്കാളിത്തം എന്ന ഘടകത്തിൽനിന്നും കാർഷിക നൈപുണ്യ അവാർഡ് എന്ന ഉപഘടകത്തിന് 10 ലക്ഷം രൂപ വകയിരുത്തി തുടർ ഭരണാനുമതി നൽകിയിട്ടുണ്ട്.

ശിപാർശ

2401-00-115-99—ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

വിഹിതം: 35,50,00,000 രൂപ (പദ്ധതിയേതരം)

കെ.എസ്.ഇ.ബി.യ്ക്കുള്ള കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 33.335 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സർക്കാർ സ്വീകരിച്ച നടപടി

കെ.എസ്.ഇ.ബി.യ്ക്കുള്ള കുടിശ്ശിക നൽകുന്നതിനായി തുക അധികമായി വകയിരുത്തണമെന്നുള്ള സമിതിയുടെ ശിപാർശ പ്രകാരം ഒന്നാം ബാച്ച് എസ്.ഡി.ജി.വഴി 33.335 കോടിയും, രണ്ടാം ബാച്ച് എസ്.ഡി.ജി.യിൽ 35.61 കോടിയും, മൂന്നാം ബാച്ച് എസ്.ഡി.ജി.യിൽ 61 കോടിയും രൂപ അധികമായി വകയിരുത്തുന്നതിന് നടപടി സ്വീകരിച്ചിരുന്നുവെങ്കിലും തുക അനുവദിക്കപ്പെട്ടില്ല.

ശിപാർശ

2401-00-191-50—മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം

വിഹിതം 50,000 രൂപ (പദ്ധതിയേതരം)

2013-14 വർഷം മുതലുള്ള ഉല്പാദനബോണസിന്റെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 48.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

2013-14 വർഷം മുതലുള്ള ഉല്പാദന ബോണസിന്റെ കുടിശ്ശിക തുക നൽകുന്നതിനായി തുക അധികമായി വകയിരുത്തണമെന്നുള്ള സമിതിയുടെ ശിപാർശ പ്രകാരം ഒന്നാം ബാച്ച് എസ്.ഡി.ജി.യിലും, രണ്ടാം ബാച്ച് എസ്.ഡി.ജി.യിലും, മൂന്നാം ബാച്ച് എസ്.ഡി.ജി.യിലും 48.5 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നുവെങ്കിലും തുക അനുവദിക്കപ്പെട്ടില്ല.

ശിപാർശ

2401-00-192-50—മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

വിഹിതം: 44,00,000 രൂപ (പദ്ധതിയേതരം)

2015-16 വർഷംമുതലുള്ള ഉത്പാദന ബോണസിന്റെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 84 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

2015-16 വർഷംമുതലുള്ള ഉല്പാദന ബോണസിന്റെ കുടിശ്ശിക തുക നൽകുന്നതിനായി തുക അധികമായി വകയിരുത്തണമെന്നുള്ള സമിതിയുടെ ശിപാർശ പ്രകാരം ഒന്നാം ബാച്ച് എസ്.ഡി.ജി.യിലൂടെ 84.00 ലക്ഷം രൂപയും, രണ്ടാം ബാച്ച് എസ്.ഡി.ജി.യിലൂടെ 84.00 ലക്ഷം രൂപയും, മൂന്നാം ബാച്ച് എസ്.ഡി.ജി.യിലൂടെ 96.00 ലക്ഷം രൂപയും അധികമായി വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചെങ്കിലും തുക അനുവദിക്കപ്പെട്ടില്ല.

ശിപാർശ

2401-00-198-50—ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

വിഹിതം: 13,24,00,000 രൂപ (പദ്ധതിയേതരം)

2015-16 മുതലുള്ള ഉല്പാദന ബോണസിന്റെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 18.03 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

2015-16 വർഷംമുതലുള്ള ഉല്പാദന ബോണസിന്റെ കുടിശ്ശിക തുക നൽകുന്നതിനായി തുക അധികമായി വകയിരുത്തണമെന്നുള്ള സമിതിയുടെ ശിപാർശ പ്രകാരം ഒന്നാം ബാച്ച് എസ്.ഡി.ജി.യിലും, രണ്ടാം ബാച്ച് എസ്.ഡി.ജി.യിലും, മൂന്നാം ബാച്ച് എസ്.ഡി.ജി.യിലും 18.03 കോടി രൂപ അധികമായി വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചെങ്കിലും തുക അനുവദിക്കപ്പെട്ടില്ല.

ശിപാർശ

2415-01-277-99-31—കേരള കാർഷിക സർവ്വകലാശാല സഹായധനം-ശമ്പളം

വിഹിതം : 374,45,10,000 രൂപ (പദ്ധതിയേതരം)

കെ.പി.എസ്.സി. മുഖേനയുള്ള അനദ്ധ്യാപക ജീവനക്കാരുടെ നിയമനം, ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം, ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക, കരിയർ അഡ്വാൻസ്മെന്റ്, പ്രമോഷൻ കുടിശ്ശിക, അദ്ധ്യാപക നിയമനം ഉയർന്ന തോതിലുള്ള വിരമിക്കൽ, യു.ജി.സി. ശമ്പള പരിഷ്കരണം, പെൻഷൻ, പി.എഫ് തുടങ്ങിയവയിലെ ബാധ്യതകൾ എന്നിവ നൽകുന്നതിന് ഈ ശീർഷകത്തിൽ 139.1013 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പ് സാമ്പത്തിക വർഷം ബജറ്റ് വിഹിതത്തിൽ ആനുപാതികമായ വർദ്ധനവ് നൽകിയിട്ടുള്ള സാഹചര്യത്തിൽ പദ്ധതിയേതര ചെലവുകൾ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്താൻ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടതിനാൽ അതുപ്രകാരമുള്ള നിർദ്ദേശം സർവ്വകലാശാലക്ക് നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

2402-00-001-94-31—<u>കേരള സംസ്ഥാന ബഹിരാകാശ ഗ്രഹണ പരിസ്ഥിതി കേന്ദ്രം (KSREC) (സഹായധനം-ശമ്പളം)</u>

വിഹിതം : 98,24,000 രൂപ (പദ്ധതിയേതരം)

ഐ.എസ്.ആർ.ഒ.യിൽ നിന്നും ഗവൺമെന്റ് നിയമിച്ച ഡയറക്ടറുടെ കേന്ദ്ര നിരക്കിലുള്ള ശമ്പളം നൽകുന്നതിന് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 58.96 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനർവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കെ.എസ്.ആർ.ഇ.സി.യ്ക്ക് നടപ്പുസാമ്പത്തിക വർഷം പദ്ധതിയേതര സഹായമായി 2402-00-001-94-31 എന്ന ശീർഷകത്തിൽ 98.24 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള ബജറ്റ് വിഹിതത്തിന്റെ 90 ശതമാനത്തോളം വിനിയോഗിച്ചശേഷം ആവശ്യമുണ്ടെങ്കിൽ അധിക തുകയ്ക്കുള്ള ശിപാർശ സമർപ്പിക്കുവാൻ കെ.എസ്.ആർ.ഇ.സി. ഡയറക്ടർക്ക് 30-10-2019-ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. അധിക തുകയ്ക്കുള്ള നിർദ്ദേശം കെ.എസ്.ആർ.ഇ.സി. ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

2551-60-101-97-<u>കാസർഗോഡ് പാക്കേജ്</u>

വിഹിതം : 90,65,00,000 രൂപ (പദ്ധതി)

2018-19 സാമ്പത്തികവർഷം ഭരണാനുമതിയ്ക്കായി സമർപ്പിച്ച 138.71 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികൾക്കും 2019-20 സാമ്പത്തികവർഷം ഭരണാനുമതിയ്ക്കായി സമർപ്പിക്കുന്ന പദ്ധതികൾക്കും കൂടാതെ മുൻവർഷങ്ങളിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി

പുരോഗമിച്ചുവരുന്ന പദ്ധതികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 30 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കാസർഗോഡ് വികസന പാക്കേജിനായി, വിഷയനിർണ്ണയസമിതി അധികമായി ശിപാർശ ചെയ്ത 30 കോടി രൂപ, പദ്ധതിയുടെ നടത്തിപ്പിനനുസരിച്ച് ആവശ്യമെങ്കിൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

<u>ശിപാർശ</u>

2403-00-001-98—<u>ജില്ലാ ഭരണം</u>

വിഹിതം : 22,75,94,000 രൂപ (പദ്ധതിയേതരം)

മൃഗസംരക്ഷണ വകുപ്പിലെ ജില്ലാ ഓഫീസുകളിലെ ജീവനക്കാർക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, കെട്ടിടങ്ങളിലെ വെള്ളക്കരം, വാടക, കരം, നികുതി, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കുവേണ്ടി ഈ ശീർഷകത്തിൽ 5.4 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന എന്നിവ മുഖേന അനുവദിക്കണമെന്ന സമിതി ശിപാർശ പരിഗണിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2403-00-101-99—<u>കന്നുകാലി പ്ലേഗ് രോഗ നിർമ്മാർജ്ജനം</u>

വിഹിതം : 11,72,69,000 രൂപ (പദ്ധതിയേതരം)

കന്നുകാലി പ്ലേഗ് രോഗ നിർമ്മാർജ്ജനത്തിനായി ഓഫീസുകളുടെ വെള്ളക്കരം, വാടക, നികുതി എന്നിവ നൽകുന്നതിന് ഈ ശീർഷകത്തിൽ 2.9 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന എന്നിവ മുഖേന അനുവദിക്കണമെന്ന സമിതി ശിപാർശ പരിഗണിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2403-00-101-71—<u>വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം</u>

വിഹിതം : 7,25,00,000 രൂപ (പദ്ധതി)

നിലവിലുള്ള 105 ബ്ലോക്കുകളിലെ കരാർ ജീവനക്കാരുടെ വേതനം സർക്കാർ ഉത്തരവ് നമ്പർ 112/2018/ധന. തീയതി 21-7-2018 പ്രകാരം വർദ്ധിപ്പിക്കുന്നതിനും അധികമായി 20 ബ്ലോക്കുകളിൽ കൂടി രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2.67 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന എന്നിവ മുഖേന തുക അനുവദിച്ചിട്ടില്ല എന്നാലും 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ബഡ്ജറ്റിൽ ആയത് ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>ശിപാർശ</u>

2403-00-102-99—<u>ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ</u>

വിഹിതം : 83,24,27,000 രൂപ (പദ്ധതിയേതരം)

കന്നുകാലി വികസന പ്രോജക്ടുകൾക്കായി പ്രവർത്തിക്കുന്ന പ്രാദേശിക സെന്ററുകളിലും സബ് സെന്ററുകളിലും പ്രവർത്തിക്കുന്ന ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന എന്നിവ മുഖേന അനുവദിക്കണമെന്ന് സമിതി ശിപാർശ പരിഗണിക്കുകയുണ്ടായില്ല.

ശിപാർശ

2403-00-102-97—ലൈവ് സ്റ്റോക്ക് ഫാമുകൾ

വിഹിതം : 15,96,11,000 രൂപ (പദ്ധതിയേതരം)

കുടപ്പനക്കുന്ന് പ്രവർത്തിക്കുന്ന കന്നുകാലി ഫാമിലെയും ചെറ്റച്ചൽ, കരിയോട്ടുമല, വിതുര എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഫാമുകളിലെയും ജീവനക്കാരുടെ യാത്രാബത്ത, ഓഫീസുകളുടെ ടെലിഫോൺ ചാർജ്ജ്, മറ്റിനങ്ങൾ എന്നിവക്കുവേണ്ടി ഈ ശീർഷകത്തിൽ 60,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന എന്നിവ മുഖേന അനുവദിക്കണമെന്ന സമിതി ശിപാർശ പരിഗണിക്കുകയുണ്ടായില്ല.

ശിപാർശ

2403-00-102-96—വർഗ്ഗ സങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 35,80,54,000 രൂപ (പദ്ധതിയേതരം)

പ്രാദേശിക മൃഗപരിപാലന കേന്ദ്രങ്ങൾ, 9-ാം പദ്ധതിയിലാരംഭിച്ച ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ, അവയുടെ കീഴിലുള്ള പ്രാദേശിക സെന്ററുകൾ, സബ്സെന്ററുകൾ എന്നിവയുടെ ടെലിഫോൺ ചാർജ്ജ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 20,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 43)

### സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന എന്നിവ മുഖേന അനുവദിക്കണമെന്ന സമിതി ശിപാർശ പരിഗണിക്കുകയുണ്ടായില്ല.

### ശിപാർശ

2403-00-102-78—ആർ.കെ.വി.വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

വിഹിതം : 47,50,00,000 രൂപ (പദ്ധതി)

അധികമായി 8000 പശുക്കുട്ടികളെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

### സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന എന്നിവ മുഖേന അനുവദിക്കണമെന്ന സമിതി ശിപാർശ പരിഗണിക്കുകയുണ്ടായില്ല.

### ശിപാർശ

2403-00-103-99—കോഴിവളർത്തൽ കേന്ദ്രങ്ങൾ

വിഹിതം : 13,66,47,000 രൂപ (പദ്ധതിയേതരം)

മൃഗസംരക്ഷണ വകുപ്പിലെ കോഴിവളർത്തൽ കേന്ദ്രങ്ങളിലെയും, സെൻട്രൽ ഹാച്ചറികളിലെയും, പേരന്റ് സ്റ്റോക്ക്കളുടെയും എണ്ണം വർദ്ധിപ്പിച്ചതിനാൽ അവയുടെ തീറ്റ, മറ്റ് ചെലവുകൾ എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

### സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന എന്നിവ മുഖേന അനുവദിക്കണമെന്ന സമിതി ശിപാർശ പരിഗണിക്കുകയുണ്ടായില്ല.

ശിപാർശ

2403-00-113-98—സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം സ്ഥാപിക്കൽ

വിഹിതം : 91,13,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് യാത്രാബത്ത നൽകുന്നതിനായി ഈ ശീർഷകത്തിൽ 50,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന എന്നിവ മുഖേന അനുവദിക്കണമെന്ന സമിതി ശിപാർശ പരിഗണിക്കുകയുണ്ടായില്ല.

ശിപാർശ

പ്രളയബാധിത മേഖലയിൽ, കർഷകർക്ക് ജീവനോപാധികൾ ലഭ്യമാക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ആയതിലേയ്ക്ക് ഒരു പുതിയ ശീർഷകം അനുവദിച്ച് 77 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന എന്നിവ മുഖേന അനുവദിക്കണമെന്ന സമിതി ശിപാർശ പരിഗണിക്കുകയുണ്ടായില്ല. എന്നാൽ Rebuild Kerala Initiative-ൽ ഉൾപ്പെടുത്തി പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശിപാർശ

2404-00-001-99—ഡയറക്ടറേറ്റ്

വിഹിതം : 6,93,72,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 02(5) ദിവസ വേതനം ഇനത്തിൽ 1.5 ലക്ഷം രൂപയും 05(2) വൈദ്യുതി ചെലവ് ഇനത്തിൽ 2.13 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3.63 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 02(5) ദിവസവേതനം ഇനത്തിൽ 1.5 ലക്ഷം രൂപ സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും ഡയറക്ടറേറ്റിൽ 2019-2020 സാമ്പത്തിക വർഷം നാളിതുവരെ ദിവസവേതന നിയമനങ്ങൾ നടക്കാത്ത സാഹചര്യത്തിൽ ഫണ്ട് ആവശ്യപ്പെട്ടിരുന്നില്ല. ഇനിയുള്ള 4 മാസക്കാലയളവിൽ ദിവസവേതന ഇനത്തിൽ തുക ആവശ്യമായി വന്നാൽ ധനപുനഃവിനിയോഗം വഴി തുക കണ്ടെത്തുന്നതാണെന്ന വിവരം അറിയിക്കുന്നു. 05(2) വൈദ്യുതി ചെലവ് ഇനത്തിൽ 2.13 ലക്ഷം രൂപ സമിതി ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും ജി. ഒ. (ആർറ്റി.) നമ്പർ 7303/2019/ഫിൻ., തീയതി, 18-9-2019 പ്രകാരം 5,00,000 രൂപയുടെ അഡീഷണൽ ഓതറൈസേഷൻ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത അഡീഷണൽ ഓതറൈസേഷൻ റെഗുലറൈസ് ചെയ്യുന്നതിനായി ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 23-12-2019-ലെ ബി1/7500/2019 നമ്പർ കത്ത് പ്രകാരം 2019-2020 അന്തിമ ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള വിവരവും അറിയിക്കുന്നു.

<u>ശിപാർശ</u>

2404-00-001-98—<u>ജില്ലാ ഭരണം</u>

വിഹിതം : 17,73,08,000 രൂപ (പദ്ധതിയേതരം)

02(4)—കൺസോളിഡേറ്റഡ് പേ ഇനത്തിൽ 2.5 ലക്ഷവും 05(2)—വൈദ്യുതി ചെലവ് ഇനത്തിൽ 3 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

02(4)—കൺസോളിഡേറ്റഡ് പേ ഇനത്തിൽ 2019-2020 സാമ്പത്തിക വർഷത്തെ ഒന്നാം ഉപധനാഭ്യർത്ഥനയിലും രണ്ടാം ഉപധനാഭ്യർത്ഥനയിലും തുകയൊന്നും തന്നെ ലഭിക്കാതിരുന്ന സാഹചര്യത്തിൽ ധനപുനഃവിനിയോഗം (റീ-അപ്രോപ്രിയേഷൻ) മുഖേന 2,80,000 രൂപ ടി ശീർഷകത്തിൽ കണ്ടെത്തുകയുണ്ടായി. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 23-12-2019-ലെ ബി1/7500/2019 നമ്പർ കത്ത് പ്രകാരം 2019-2020 അന്തിമ ഉപധനാഭ്യർത്ഥനയിൽ ഈ ശീർഷകത്തിൽ 50,000 രൂപകൂടി ലഭിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള വിവരം അറിയിക്കുന്നു. 05(2)—വൈദ്യുതി ചെലവ് ശീർഷകത്തിൽ ജി. ഒ. (ആർറ്റി.) നമ്പർ 7303/2019/ഫിൻ., തീയതി 18-9-2019 പ്രകാരം 2,00,000 രൂപയുടെ അഡീഷണൽ ഓതറൈസേഷൻ ലഭിച്ചിരുന്നു. ടി തുക റഗുലറൈസ് ചെയ്യുന്നതിനും ടി ശീർഷകത്തിൽ 1,00,000 രൂപകൂടി ആവശ്യപ്പെട്ടു. ക്ഷീരവികസന വകുപ്പ്

ഡയറക്ടറുടെ 23-12-2019-ലെ ബി1/7500/2019 നമ്പർ കത്ത് മുഖേന 2019-2020 സാമ്പത്തികവർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള വിവരവും അറിയിക്കുന്നു.

<u>ശിപാർശ</u>

2404-00-102-79—<u>കാലിത്തീറ്റക്കുള്ള സബ്സിഡി</u>

വിഹിതം : 14,00,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തെ 3.5 ലക്ഷം ക്ഷീര കർഷകർക്ക് ഒരു രൂപ നിരക്കിൽ വർഷം മുഴുവനും കാലിത്തീറ്റ സബ്സിഡി നൽകുവാൻ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 53 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ 3.5 ലക്ഷം ക്ഷീരകർഷകർക്ക് ഒരു രൂപ നിരക്കിൽ വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി നൽകാൻ ബജറ്റ് വിഹിതം പര്യാപ്തമല്ല. ഈ ഇനത്തിൽ ലഭ്യമായ തുക മുഴുവനും വിനിയോഗിച്ചുകഴിഞ്ഞു. വർഷം മുഴുവൻ ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി ലഭ്യമാക്കുന്നതിന് ഉപധനാഭ്യർത്ഥന വഴി 53 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നു. എങ്കിലും നാളിതുവരെ ഈ ഇനത്തിൽ അധിക തുകയൊന്നും ലഭിച്ചിട്ടില്ല. തുക ലഭ്യമാക്കുന്നതിന് ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 23-12-2019-ലെ ബി1/7500/2019 നമ്പർ കത്ത് പ്രകാരം അന്തിമ ഉപധനാഭ്യർത്ഥനയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

<u>ശിപാർശ</u>

2404-00-102-75—<u>കന്നുകാലിത്തീറ്റ കൃഷി - വലിയതുറ സ്വീവേജ് ഫാം</u>

വിഹിതം : 2,61,60,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 02(3)—മറ്റ് അലവൻസുകൾ ഇനത്തിൽ 2 ലക്ഷം രൂപയും, 34(3)—മറ്റിനങ്ങൾ ഇനത്തിൽ 1.38 ലക്ഷം രൂപയും ഉൾപ്പെടെ 3.38 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

02(3)—മറ്റ് അലവൻസുകൾ ശീർഷകത്തിൽ ഫണ്ട് അപര്യാപ്തമായിരുന്ന സാഹചര്യത്തിൽ 3,40,000 രൂപയുടെ ധനപുനഃവിനിയോഗം (റീ-അപ്രോപ്രിയേഷൻ) (ജി. ഒ. (ആർറ്റി.) നമ്പർ 5549/2019/ഫിൻ., തീയതി 15-7-2019 പ്രകാരം) നടത്തിയിട്ടുണ്ട്. 34(3) മറ്റിനങ്ങൾ ശീർഷകത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 23-12-2019-ലെ ബി1/7500/2019 നമ്പർ കത്ത് പ്രകാരം 2019-2020 അന്തിമ ഉപധനാഭ്യർത്ഥനയിൽ 1,38,000 രൂപ ലഭിക്കുന്നതിലേയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള വിവരവും അറിയിക്കുന്നു.

ശിപാർശ

2404-00-195-94-34—ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം

വിഹിതം : 15,50,00,000 രൂപ (പദ്ധതി)

ക്ഷീര സഹകരണ സംഘങ്ങളിൽ ആധുനികവത്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും, ക്ഷീര സംഘങ്ങളിലൂടെ കർഷകർക്ക് സബ്സിഡി നിരക്കിൽ പച്ചപ്പുൽ, വൈക്കോൽ എന്നിവ എത്തിച്ച് നൽകുന്നതിനും, സഹകരണ മേഖല പ്രചാരണ പരിപാടി സംഘടിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3.42 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സർക്കാർ സ്വീകരിച്ച നടപടി

ക്ഷീരസഹകരണ സംഘങ്ങളിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ക്ഷീരസംഘങ്ങളിലൂടെ സബ്സിഡി നിരക്കിൽ പച്ചപ്പുൽ, വയ്ക്കോൽ എന്നിവ എത്തിച്ച് നൽകുന്നതിനും സഹകരണ മേഖലാപ്രചരണ പരിപാടിക്കായി 3.42 കോടി രൂപ ഉപധനാഭ്യർത്ഥന പ്രകാരം അധികമായി ആവശ്യപ്പെട്ടിരുന്നു. സബ്സിഡൈസ്ഡ് ഫീഡ് പദ്ധതി മുൻവർഷങ്ങളിൽ വകുപ്പ് വിജയകരമായി നടപ്പിലാക്കിയതാണ്. കാലിത്തീറ്റയുടെ വിലവർദ്ധനവുമൂലം ബുദ്ധിമുട്ടിലായ ക്ഷീരകർഷകർക്ക് ഒരു കൈത്താങ്ങ് ആവുന്ന പദ്ധതിയാണ് സബ്സിഡി നിരക്കിൽ പച്ചപ്പുൽ, വയ്ക്കോൽ എന്നിവ എത്തിച്ചുനൽകുന്ന പദ്ധതി. ഇടനിലക്കാരുടെ ഇടപെടൽ ഒഴിവാക്കാനും ടി പദ്ധതി ഗുണകരമാകുന്ന സാഹചര്യമാണുള്ളത്. പ്രളയംമൂലം അടിസ്ഥാനസൗകര്യങ്ങൾ നഷ്ടപ്പെട്ട ക്ഷീരസഹകരണ സംഘങ്ങൾക്കും ഗോഡൗണുകളിൽ ഉൾപ്പെടെ സൂക്ഷിച്ചിരുന്ന കാലിത്തീറ്റയ്ക്ക് നാശനഷ്ടം സംഭവിച്ച ക്ഷീരസഹകരണ സംഘങ്ങൾക്കും ക്ഷീരസംഘങ്ങളുടെ ആധുനികവൽക്കരണം, സബ്സിഡൈസ്ഡ് ഫീഡ് പദ്ധതി എന്നിവ സഹായകരമാകും. ക്ഷീരസഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണ മേഖലാപ്രചരണ പരിപാടി

ആവശ്യമാണ്. ടി പദ്ധതികൾക്കായി ആവശ്യപ്പെട്ട അധികതുക ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 23-12-2019-ലെ ബി1/7500/2019 നമ്പർ കത്ത് പ്രകാരം അന്തിമ ഉപധനാഭ്യർത്ഥനയിൽ വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

ശിപാർശ

2404-00-800-78—ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുള്ള ധനസഹായം

വിഹിതം : ഇല്ല (പദ്ധതി)

പുതിയ സർക്കാരിന്റെ നയപരമായ തീരുമാന പ്രകാരം പെൻഷൻ തുക 1,100 രൂപയായി വർദ്ധിപ്പിക്കുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുന്നതിന് ആവശ്യമായ 158.6 കോടി രൂപ അനുവദിക്കേണ്ടതുണ്ട്. എന്നാൽ ഈ ശീർഷകത്തിൽ തുകയൊന്നും വകകൊള്ളിച്ചതായി കാണുന്നില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 158.6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ തുക 1,200 രൂപയായി വർദ്ധിപ്പിച്ചതിനുശേഷം 900 രൂപ സർക്കാർ വിഹിതമായും 300 രൂപ ക്ഷേമനിധി വിഹിതമായും ആണ് നൽകിവരുന്നത്. ടി സാഹചര്യത്തിൽ പെൻഷൻ വിതരണം നടത്തുന്നതിന് 158.6 കോടി രൂപയുടെ ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഇനത്തിൽ നാളിതുവരെ ആവശ്യപ്പെട്ട തുക ലഭ്യമാകാത്ത സാഹചര്യത്തിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 23-12-2019-ലെ ബി1/7500/2019 നമ്പർ കത്ത് പ്രകാരം അന്തിമ ഉപധനാഭ്യർത്ഥനയിൽ വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

ശിപാർശ

4404-00-800-95—എൽ.എ.ആർ. കേസുകൾക്കുള്ള നഷ്ടപരിഹാരം

വിഹിതം : ഇല്ല

എൽ.എ.ആർ. '302/88-28 എ' പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പ്രസ്തുത ഇനത്തിൽ G. O. (Rt.) No. 4887/2019/Fin., തീയതി 26-6-2019 പ്രകാരം 4404-00-102-87-00-00-00 (P) ശീർഷകത്തിൽ LAR 3/98 പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനായി 65,41,000 രൂപയുടെ അഡീഷണൽ ഓതറൈസേഷൻ ലഭിച്ചിട്ടുണ്ട്. ടി തുക റെഗുലറൈസ് ചെയ്ത് ലഭിക്കുന്നതിന് ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 23-12-2019-ലെ ബി1/7500/2019 നമ്പർ കത്ത് പ്രകാരം അന്തിമ ഉപധനാഭ്യർത്ഥനയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

<u>ശിപാർശ</u>

2405-00-101-96—<u>കായലിൽ മത്സ്യങ്ങളെ വളർത്തൽ</u>

വിഹിതം : 17,13,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ കായലുകളിലും, മറ്റ് ജലാശയങ്ങളിലും മത്സ്യ/ചെമ്മീൻ വളർത്തൽ പരിപാടിയിൽ തുടർന്നുവരുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 10.87 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പ് സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 17,13,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ ഇതുവരെ 9,44,657 രൂപ ചെലവഴിച്ചിട്ടുണ്ട്. ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ചെലവഴിച്ച ശേഷം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ശിപാർശ ചെയ്യുന്നതാണ്.

<u>ശിപാർശ</u>

2405-00-101-95—<u>മത്സ്യക്കുഞ്ഞുല്പാദന ഫാമുകൾ</u>

വിഹിതം : 15,10,000 രൂപ (പദ്ധതിയേതരം)

മത്സ്യക്കുഞ്ഞുല്പാദന ഫാമുകളിൽ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി 1.9 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പ് സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 15,10,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ ഇതുവരെ 9,26,820 രൂപ ചെലവഴിച്ചിട്ടുണ്ട്. ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ചെലവഴിച്ചശേഷം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ശിപാർശ ചെയ്യുന്നതാണ്.

<u>ശിപാർശ</u>

2405-00-101-94—<u>കായൽ പരിശോധനയ്ക്ക്</u>

വിഹിതം : 46,51,000 രൂപ (പദ്ധതിയേതരം)

നദീമുഖങ്ങൾ, ജലാശയങ്ങൾ, കായലുകൾ എന്നിവിടങ്ങളിലെ നിയമരഹിതമായ മത്സ്യബന്ധനം തടയുന്നതിന് പ്രവർത്തിച്ച വരുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി 3.49 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പ് സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 46,51,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ ഇതുവരെ 22,14,114 രൂപ ചെലവഴിച്ചിട്ടുണ്ട്. ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ചെലവഴിച്ചശേഷം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ശിപാർശ ചെയ്യുന്നതാണ്.

<u>ശിപാർശ</u>

2405-00-101-91—<u>പൊതുമേഖലയിൽ ഉപ്പുജല മത്സ്യഫാമുകൾ</u>

വിഹിതം : 1,27,22,000 രൂപ (പദ്ധതിയേതരം)

പൊതുമേഖലയിലെ ഉപ്പുജല മത്സ്യ/ചെമ്മീൻ ഫാമുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 3.78 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പ് സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 1,27,22,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ ഇതുവരെ 74,99,538 രൂപ ചെലവഴിച്ചിട്ടുണ്ട്. ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ചെലവഴിച്ചശേഷം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ശിപാർശ ചെയ്യുന്നതാണ്.

<u>ശിപാർശ</u>

2405-00-101-90—<u>ദേശീയ വിത്തുല്പാദന പരിപാടി</u>

വിഹിതം : 1,39,00,000 രൂപ (പദ്ധതിയേതരം)

മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള ദേശീയ മത്സ്യക്കുഞ്ഞുല്പാദന കേന്ദ്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 11 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പ് സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 1,39,00,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ ഇതുവരെ 1,01,35,048 രൂപ ചെലവഴിച്ചിട്ടുണ്ട്. ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ചെലവഴിച്ചശേഷം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ശിപാർശ ചെയ്യുന്നതാണ്.

<u>ശിപാർശ</u>

2405-00-101-75—<u>ശുദ്ധജലത്തിൽ കൊഞ്ചുകൃഷി ചെയ്യുന്നതിന്</u>

വിഹിതം : 13,94,000 രൂപ (പദ്ധതിയേതരം)

ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിൽ നെല്ല്, ചെമ്മീൻ എന്നിവ ഒന്നിടവിട്ട് കൃഷി ചെയ്യുന്നതിന് ആവശ്യമായ പാടശേഖരങ്ങൾ തെരഞ്ഞെടുത്ത് സാങ്കേതിക സഹായവും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി പരീക്ഷണ കൃഷിയും വൻതോതിൽ ചെമ്മീൻ കൃഷിയും ചെയ്യുന്നതിനായി തുടർന്നുവരുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 2.06 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പ് സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 13,94,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ ഇതുവരെ 11,66,071 രൂപ ചെലവഴിച്ചിട്ടുണ്ട്. ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ചെലവഴിച്ച ശേഷം ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ശിപാർശ ചെയ്യുന്നതാണ്.

<u>ശിപാർശ</u>

2405-00-105-88—<u>തീരമൈത്രി സൂപ്പർ മാർക്കറ്റ്</u>

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

തീരമൈത്രി സൂപ്പർമാർക്കറ്റുകളിൽ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 39.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷത്തിൽ തീരമൈത്രി സൂപ്പർമാർക്കറ്റുകൾ വഴി മാവേലി ഇനത്തിൽപ്പെട്ട അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനായി 2405-00-105-88 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുള്ള. തീരമൈത്രി സൂപ്പർ മാർക്കറ്റുകളുടെ മാവേലി ഇനത്തിൽപ്പെട്ട അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ സാഫിന് നൽകിയ വകയിൽ സപ്ലൈകോയ്ക്ക് സാഫ് 2017 ഒക്ടോബർ മുതൽ 2019 മാർച്ച് മാസം വരെ നൽകുവാനുള്ള കുടിശ്ശിക തുക 25,70,233 രൂപ 2405-00-105-88-33 (നോൺ പ്ലാൻ) ശീർഷകത്തിൽ നിന്ന് സപ്ലൈകോയ്ക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അഡീഷണൽ ആതറൈസേഷൻ 25,71,000 രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-105-86—<u>മത്സ്യമാർക്കറ്റുകൾ, വാല്യു അഡീഷൻ, വിളവെടുപ്പ് പൂർവ്വ പ്രവർത്തനങ്ങൾ എന്നിവയുടെ നവീകരണം</u>

വിഹിതം: 2,00,00,000 രൂപ (പദ്ധതി)

മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന്റെ ഭാഗമായി കോൾഡ് ചെയിൻ ശൃംഖലയുൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

600/2020.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചശേഷം ഉപധനാഭ്യർത്ഥനവഴി ശിപാർശ ചെയ്യുന്നതാണ്.

<u>ശിപാർശ</u>

4405-00-103-94—<u>തീരദേശ റോഡുകളുടെ നവീകരണം</u>

വിഹിതം : 100,00,00,000 രൂപ (പദ്ധതിയേതരം)

തീരദേശ റോഡുകളുടെ നവീകരണത്തിനും പ്രളയത്തിൽ തകർന്ന റോഡുകളുടെ നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തീരദേശ റോഡുകളുടെ നവീകരണത്തിനും പ്രളയത്തിൽ തകർന്ന റോഡുകളുടെ നവീകരണത്തിനുമായി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല

<u>ശിപാർശ</u>

4405-00-103-93—<u>മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും</u>

വിഹിതം : 30,00,00,000 രൂപ

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ അനുവദിച്ചതും ഇനി പൂർത്തീകരണത്തിനായുമുള്ള, തീരദേശ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഈ ശീർഷകത്തിൽ 70 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നടപ്പ് സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 30 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 10 കോടി രൂപ മത്സ്യത്തൊഴിലാളി പുനരധിവാസത്തിനാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഇതുവരെ 23.0847682 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ചെലവഴിച്ച് കഴിഞ്ഞശേഷം പദ്ധതി നിർവ്വഹണത്തിന് തുക ആവശ്യപ്പെടാവുന്നതാണ്.

ശിപാർശ

4405-00-103-91—കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായുള്ള പ്രത്യേക പാക്കേജ്

വിഹിതം: ഇല്ല (പദ്ധതി)

കടൽ ക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതി നിർവ്വഹണത്തിനായി അഡീഷണൽ ഓതറൈസേഷൻ മുഖേന ആവശ്യപ്പെട്ടിരുന്ന 72 ലക്ഷം രൂപ തിരുവനന്തപുരം ജില്ലയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

അദ്ധ്യായം II

## 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാരിൽ നിന്നുള്ള മറുപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്ത ഖണ്ഡികകൾ

| വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|
| കൃഷി | 1, 4-6, 8-12, 14, 15, 17, 18, 22-25, 27-30, 33-37 |
| മൃഗസംരക്ഷണം | 48-53 |
| മത്സ്യബന്ധന തുറമുഖം | 66, 68-75, 78-87, 91-109 |

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

തിരുവനന്തപുരം,
2020 ജൂലൈ 23.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.